പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1174. 20.1.2014 -ൽ മറുപടിയ്ക്ക്

<u>സ്വയംഭരണ കോളേജുകൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ.എൻ.ആർ.മാധവ മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനമെടുത്തത്. |
| (ബി) | ഇതു സംബന്ധിച്ച് അംഗീകൃത രാഷ്ട്രീയ കക്ഷികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും ചർച്ച നടത്തിയിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങൾ എന്ന് വ്യക്തമാക്കുമോ ; | (സി) | സ്വയംഭരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ച് വരുന്ന കോളേജായിരിക്കണം.<br>2. NAAC ന്റെ എഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.<br>3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. ഉൾപ്പെടെയുള്ള ഗവേഷണ യോഗ്യതകൾ നേടിയവരാകണം. |

4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.
5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.
6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ. സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതിവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.
7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം. അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.
8. ദുർബ്ബല വിഭാഗങ്ങൾക്ക് അവസരസമത്വവും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.
9. പരീക്ഷാ സമ്പ്രദായത്തിന്റെ

സത്യസന്ധത എല്ലാ
അർത്ഥത്തിലും കാത്തു
സൂക്ഷിക്കുന്നതിന് കോളേജുകൾ
പ്രാപ്തമായിരിക്കണം.

10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ,തങ്ങളുടെ മാനേജ്മെന്റ്,അദ്ധ്യാപകർ, ഇതരജീവനക്കാർ,വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.

11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യൂജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ഡി) | എതൊക്കെ സ്വകാര്യ മാനേജ്മെന്റുകളുടെ ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണം നൽകാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ; | (ഡി) | പതിനൊന്ന് എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യൂ.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേരും മാനേജ്മെന്റ് സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.-മലങ്കര സിറിയൻ കത്തോലിക്ക സഭ,തിരുവനന്തപുരം മേജർ ആർച്ച് ഡയോസിസ്.<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്,കൊല്ലം. - റോമൻ കത്തോലിക്ക സഭ, കൊല്ലം ഡയോസിസ്. |

3.സെന്റ് ബെർക്ക്മാൻസ്
കോളേജ്,ചങ്ങനാശ്ശേരി- റോമൻ
കത്തോലിക്ക സഭ,ചങ്ങനാശ്ശേരി
ആർച്ച് ഡയോസിസ്.

4.സെന്റ് തെരേസാസ് കോളേജ്,
എറണാകുളം - കാർമലൈറ്റ് സിസ്റ്റേഴ്സ്
ഓഫ് സെന്റ് തേരേസ.

5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര,
എറണാകുളം. - സി.എം.ഐ സഭ.

6.രാജഗിരി കോളേജ് ഓഫ്
സോഷ്യൽ
സയൻസസ്,എറണാകുളം.-
സി.എം.ഐ സഭ.

7.ക്രൈസ്റ്റ് കോളേജ്,
ഇരിഞ്ഞാലക്കട.-സി.എം.ഐ സഭ.

8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.-
സീറോ മലബാർ സഭ, തൃശ്ശൂർ ആർച്ച്
ഡയോസിസ്.

9.എം.ഇ.എസ് കോളേജ്, മാമ്പാട്.-
മുസ്ലീം എഡ്യൂക്കേഷണൽ
സൊസൈറ്റി.

10.ഫറോക്ക് കോളേജ്,
കോഴിക്കോട്.- റൗസത്തുൽ ഉലൂം
അസോസിയേഷൻ

11.സെന്റ് ജോസഫസ്
കോളേജ്,ദേവഗിരി,കോഴിക്കോട്.-
സി.എം.ഐ സഭ.

(ഇ) സ്വയംഭരണ കോളേജുകൾ സംബന്ധിച്ച് കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊഫ.നൈനാൻ കോശി ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ചുവോ ; എങ്കിൽ ഇതിന്മേൽ നയം വ്യക്തമാക്കുമോ ;

(ഇ) പരിശോധിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്ത് നിലനിൽക്കുന്ന വിദ്യാഭ്യാസ പുരോഗതി പിന്നോട്ടേയ്ക്ക് എത്തിക്കുന്ന സംവിധാനമാണ് സ്വയംഭരണ കോളേജുകൾ എന്ന പരാതികൾ വിവിധ വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയ കക്ഷികളും വിദ്യാഭ്യാസ വിചക്ഷണരും ഉന്നയിച്ച ; സാഹചര്യത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടിനേതാക്കൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തി റിപ്പോർട്ട് വാങ്ങിയശേഷം ഈ സംവിധാനം നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

(എഫ്) യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും പ്രൊഫ.എൻ.ആർ.മാധവ മേനോൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചുമാണ് സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്.സർക്കാരിന്റെ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ,മെറിറ്റ് എന്നിവ പാലിച്ച് മാത്രമാണ് സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത്. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.